ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 03.12.2025** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. ഇന്ത്യൻ നാവികസേനയോട് രാജ്യത്തെ ജനങ്ങൾ കടപ്പെട്ടിരിക്കുന്നതായി തിരുവനന്തപുരത്ത് നാവികസേനാദിനാഘോഷങ്ങളെ അഭിസംബോധന ചെയ്തു കൊണ്ട് രാഷ്ട്രപതി ദ്രൗപദി മുർമു. നാവിക സേനയുടെ പോരാട്ട വീര്യത്തിന് രാഷ്ട്രപതി ശംഖുമുഖത്ത് സാക്ഷ്യം വഹിച്ചു.

   **President Droupadi Murmu, addressing the Navy Day celebrations in Thiruvananthapuram, said that the people of the country are indebted to the Indian Navy. The President witnessed the operational demonstration of the Navy at Shankhumugham today.**

2. പ്രകൃതിദത്ത കൃഷിരീതികൾ വിള വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi today highlighted the importance of natural farming, saying that it promotes diversified fields where plants, trees, and livestock coexist to support natural biodiversity**

3. ശീതകാല സമ്മേളനത്തിൻറെ മൂന്നാം ദിവസത്തെ നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെൻറിൻറെ

ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. സെൻട്രൽ എക്സൈസ് ഭേദഗതി ബിൽ ലോക്സഭ പാസ്സാക്കി.

**Both Houses of Parliament adjourned for the day after completing proceedings in the third day of the Winter Session. Lok Sabha passed the Central Excise Amendment Bill**

4. മൊബൈൽ ഫോൺ നിർമാതാക്കൾ, ഫോണുകളിൽ സഞ്ചാർ സാഥി ആപ്പ് മുൻകൂറായി ഇൻസ്റ്റാൾ ചെയ്യണമെന്ന് നിർബന്ധമില്ലെന്ന് കേന്ദ്രസർക്കാർ.

**In view of increasing acceptance of Sanchar Saathi app, the Government has decided not to make the pre-installation of this app mandatory for mobile manufacturers.**

5. തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് ഊർജ്ജിതം. തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിൻറെ ഭാഗമായി സംസ്ഥാനത്ത് ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം 91.61 ശതമാനമായി

**Campaigning for the local body elections intensifies in Kerala. As part of the Special Summary Revision, the number of digitized forms in the state has reached 91.61 percent**

6. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ -രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ ഇന്ത്യയിലെത്തും

**Russian President Vladimir Putin will arrive in India tomorrow on a two-day visit.**

7. റായ്പൂർ ഏകദിനത്തിൽ ഇന്ത്യക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 359 റൺസ് വിജയലക്ഷ്യം

**In the Raipur ODI, South Africa have been given a target of 359 runs against India.**

❁❁❁❁❁❁❁❁❁❁❁❁❁

**NAVY DAY (intro)**

നാവികസേന ദിനാഘോഷങ്ങൾക്ക് വേദിയായി തിരുവനന്തപുരം. ശംഖുമുഖം കടപ്പുറത്ത് അരങ്ങേറിയ അഭ്യാസ പ്രകടനങ്ങൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു സാക്ഷ്യം വഹിച്ചു. നാവികസേനയോട് രാജ്യത്തെ ജനങ്ങൾ കടപ്പെട്ടിരിക്കുന്നതായി ആഘോഷങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് രാഷ്ട്രപതി പറഞ്ഞു.

പ്രകൃതി ദുരന്തങ്ങൾ ഉൾപ്പടെയുള്ള വെല്ലുവിളികളിൽ ഇന്ത്യൻ നാവികസേന, വിശ്വാസ്യതയുടെയും ആത്മാർപ്പണത്തിന്റെയും പ്രതീകമായി നിലകൊള്ളുന്നതായും ശ്രീമതി മുർമു വ്യക്തമാക്കി.

(ഹോൾഡ്)

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി സുരേഷ് ഗോപി തുടങ്ങി നിരവധി പ്രമുഖർ അഭ്യാസ പ്രകടനങ്ങൾ വീക്ഷിക്കാൻ എത്തിയിരുന്നു. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി ആഘോഷ പരിപാടികൾക്ക് ആതിഥേയത്വം വഹിച്ചു. തിരുവനന്തപുരത്ത് ഇതാദ്യമായി

നടക്കുന്ന നാവിക ശക്തി പ്രകടനം കാണുന്നതിനായി വൻ ജനാവലിയാണ് എത്തിച്ചേർന്നത്.

(ഹോൾഡ് മ്യൂസിക്)

ശംഖുമുഖത്ത് എത്തിയ രാഷ്ട്രപതിക്ക് എംഎച്ച്60 ആർ ഹെലികോപ്റ്റർ നാവിക സല്യൂട്ട് നൽകിയത് ജനങ്ങളിൽ ആവേശം ഉണർത്തി. യുദ്ധക്കപ്പലുകളിൽ നിന്നുള്ള മിസൈൽ വിക്ഷേപണങ്ങൾ രാജ്യത്തിൻറെ നാവികശക്തി വിളിച്ചോതുന്ന വിധത്തിലായിരുന്നു. രാഷ്ട്രത്തിന്റെ അഭിമാനമായ ഐഎൻഎസ് വിക്രാന്തിൽ നിന്നും നാവിക വിമാനം പറന്നുയർന്നതോടെ ജനങ്ങളുടെ ആവേശവും വാനോളം ഉയർന്നു. ചേതക് ഹെലികോപ്റ്ററുകളുടെയും, അതിവേഗ ബോട്ടുകളുടെയും പ്രകടനം, കപ്പൽ റാഞ്ചൽ പ്രതിരോധം തുടങ്ങിയവയും ഏറെ ശ്രദ്ധേയമായി.

## PM – NATURAL FARMING

പ്രകൃതിദത്ത കൃഷിരീതികൾ വിള വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്തെ ജനങ്ങൾ ഇത്തരം കൃഷിരീതികൾ കൂടുതലായി സ്വീകരിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. സിന്തറ്റിക് രാസവസ്തുക്കൾ ഉപയോഗിക്കാതെ, ആധുനിക പരിസ്ഥിതി മൂല്യങ്ങളും, പാരമ്പര്യ വിജ്ഞാനവുമാണ് ഇന്ത്യയിൽ പ്രകൃതിദത്ത കൃഷിയ്ക്കായി പ്രയോജനപ്പെടുത്തുന്നത്. ലക്ഷക്കണക്കിന് കർഷകർ

പ്രകൃതിദത്ത കൃഷിയുമായി ബന്ധപ്പെട്ട ദേശീയ ദൗത്യത്തിൻറെ ഭാഗമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ജൈവകർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡുകൾ ഉൾപ്പെടെയുള്ള സേവനങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. ചെറുധാന്യങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സർക്കാരിൻറെ നയത്തിൽ പ്രകൃതിദത്ത കൃഷി രീതികൾ വലിയ പങ്കുവഹിക്കുന്നതായും ശ്രീ മോദി പറഞ്ഞു.

❋❋❋❋❋❋❋❋❋❋❋❋❋

**PARLIAMENT**

ശീതകാല സമ്മേളനത്തിൻറെ മൂന്നാം ദിവസം പാർലമെന്റിന്റെ ഇരുസഭകളും നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. സെൻട്രൽ എക്സൈസ് ഭേദഗതി ബിൽ ലോക്സഭ പാസാക്കി. 1944 ലെ സെൻട്രൽ എക്സൈസ് നിയമം ഭേദഗതി ചെയ്യുന്ന ബിൽ പുകയില ഉൽപ്പന്നങ്ങളുടെ എക്സൈസ് തീരുവയും സെസ്സും വർധിപ്പിക്കാൻ വ്യവസ്ഥ ചെയ്യുന്നു. പുകയില ഉപഭോഗം കുറയ്ക്കാൻ ഇത് വഴിയൊരുക്കുമെന്നും, പൗരന്മാരുടെ ആരോഗ്യത്തിന് മുൻഗണന നൽകിയാണ് ബിൽ കൊണ്ടുവരുന്നതെന്നും ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. എന്നാൽ, വില വർദ്ധന ഉപഭോഗം കുറയ്ക്കാൻ സഹായിക്കില്ലെന്നും ആളുകൾ മറ്റ് ബദലുകൾ കണ്ടെത്താനിടയുണ്ടെന്നും കോൺഗ്രസ് എംപി കാർത്തി പി ചിദംബരം അഭിപ്രായപ്പെട്ടു.

രാജ്യത്തെ പ്രധാന പ്രശ്നമാണ് പുകയില ആസക്തിയെന്നും നിയമനിർമ്മാണം സംസ്ഥാനങ്ങളുടെ വരുമാനത്തെ ബാധിക്കില്ലെന്നും ബിജെപി അംഗം ഡി. പുരുന്ദേശ്വരി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## LS- SCINDIA SANCHAR SAATHI (INTRO)

സഞ്ചാർ സാഥി ആപ്പ്, ഫോൺ വിവരങ്ങൾ ചോർത്താൻ ഇടയാക്കുമെന്ന പ്രതിപക്ഷ ആരോപണം തള്ളി കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ഉപയോക്താക്കൾക്ക് സ്വന്തം താത്പര്യപ്രകാരം ആപ്പ് ഉപയോഗിക്കാനും, ഫോണിൽ നിന്നും നീക്കം ചെയ്യാനും സാധിക്കുമെന്ന് മന്ത്രി ലോക്സഭയിൽ പറഞ്ഞു. ഒന്നര കോടിയോളം പേർ ആപ്പ് ഇതിനകം ഡൗൺലോഡ് ചെയ്തിട്ടുണ്ട്. മോഷണം പോയ 26 ലക്ഷത്തോളം മൊബൈൽഫോണുകൾ കണ്ടെത്താനും, 7 ലക്ഷം ഫോണുകൾ ഉടമസ്ഥർക്ക് കൈമാറാനും സഞ്ചാർസാഥിയിലൂടെ സാധിച്ചതായി ശ്രീ ജ്യോതിരാദിത്യ സിന്ധ്യ ലോക്സഭയിൽ വ്യക്തമാക്കി (ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁❁

## SANCHAR SAATHI APP

മൊബൈൽ ഫോൺ നിർമാതാക്കൾ, ഫോണുകളിൽ സഞ്ചാർ സാഥി ആപ്പ് മുൻകൂറായി ഇൻസ്റ്റാൾ

ചെയ്യണമെന്ന് നിർബന്ധമില്ലെന്ന് കേന്ദ്രസർക്കാർ. ഉപയോക്താക്കൾക്ക് ആപ്പ് മൊബൈൽ ഫോണിൽ നിന്നും എപ്പോൾ വേണമെങ്കിലും നീക്കം ചെയ്യാവുന്നതാണ്. പ്രതിദിനം രണ്ടായിരത്തിലേറെ തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സൈബർ ലോകത്ത് ഉപയോക്താക്കളുടെ സുരക്ഷ മാത്രമാണ് സർക്കാർ ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**ELECTION KERALA**

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് ഊർജ്ജിതം. പരമാവധി വോട്ടർമാരെ നേരിൽക്കണ്ട് വോട്ടുറപ്പിക്കാനുള്ള തിരക്കിലാണ് സ്ഥാനാർത്ഥികൾ. 75,644 സ്ഥാനാർത്ഥികളാണ് ഇക്കുറി ജനവിധി തേടുന്നത്. ഈ മാസം ഒൻപത്, പതിനൊന്ന് തീയതികളിലാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും. 244 വോട്ടെണ്ണൽ കേന്ദ്രങ്ങളാണ് ഇതിനായി സംസ്ഥാനത്തുടനീളം സജ്ജീകരിച്ചിട്ടുള്ളത്.

❁❁❁❁❁❁❁❁❁❁❁❁❁

**RATAN U KHELKAR (intro)**

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി സംസ്ഥാനത്ത് ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ട് കോടി 55 ലക്ഷത്തി 14,591ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഇത്

മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 91.61 ശതമാനമാണ്. തിരികെ ലഭിക്കാത്ത ഫോമുകളുടെ എണ്ണം 16 ലക്ഷത്തി 32,547 ആയി ഉയർന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഫോമുകൾ ഇനിയും മടക്കി നൽകിയിട്ടില്ലാത്തവർ എത്രയും വേഗം പൂരിപ്പിച്ച് ബിഎൽ ഒ മാരെ ഏല്പിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ഫോമുകൾ സ്വീകരിക്കുന്നതിനും അവ അപ്‌ലോഡ് ചെയ്യുന്നതിനുമായി സജ്ജമാക്കിയിട്ടുള്ള ക്യാമ്പുകൾ നാളെയും തുടരും.

SIR പ്രക്രിയയിൽ വോട്ടവകാശമുള്ള ഒരു പൗരനും വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെടില്ലെന്ന് കോഴിക്കോട് ജില്ലാ കളക്ടർ സ്നേഹിൽ കുമാർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

( വോയിസ്....)

## PUTIN INDIA VISIT

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ ഇന്ത്യയിലെത്തും. 23-ാമത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. സന്ദർശനത്തിൻറെ ഭാഗമായി നിരവധി കരാറുകളിൽ ഇരു രാജ്യങ്ങളും ഒപ്പുവയ്ക്കും. വ്യാപാരം, വാണിജ്യം, ആരോഗ്യം, വിദ്യാഭ്യാസം,

ഉൾപ്പെടെയുള്ള മേഖലകളുമായി ബന്ധപ്പെട്ട കരാറുകളിലാണ് ഇന്ത്യയും റഷ്യയും ഒപ്പുവയ്ക്കുക. ഇരുരാജ്യങ്ങൾക്കുമിടയിലെ വർദ്ധിച്ചു വരുന്ന വ്യാപാര, സാമ്പത്തിക പങ്കാളിത്തത്തിൻറെ പശ്ചാത്തലത്തിലാണ് പുടിൻറെ ഇന്ത്യ സന്ദർശനം .

❁❁❁❁❁❁❁❁❁❁❁❁❁

## CRICKET

റായ്പൂർ ഏകദിനത്തിൽ ഇന്ത്യക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 359 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ, നിശ്ചിത ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 358 റൺ നേടി. വിരാട് കോഹ്ലിയുടെയും റിതുരാജ് ഗെയ്ക്വാദിന്റെയും സെഞ്ചുറി മികവിലാണ് ഇന്ത്യയുടെ സ്കോർ 350 കടന്നത്. മറുപടി ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്ക ഒടുവിൽ വിവരം ലഭിക്കുമ്പോൾ 23 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 142 റൺസ് എന്ന നിലയിലാണ്. ആദ്യ ഏകദിനത്തിൽ ഇന്ത്യക്കായിരുന്നു ജയം.

❁❁❁❁❁❁❁❁❁❁❁❁❁

## KOHLI-ODI RANKINGS

ഐസിസി ഏകദിന റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തി ഇന്ത്യൻ ബാറ്റ്സ്മാൻ രോഹിത് ശർമ്മ. ഇന്ത്യൻ ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിനെ മറികടന്ന് മുൻ നായകൻ വിരാട് കോലി റാങ്കിങ്ങിൽ നാലാമതെത്തി. ദക്ഷിണാഫ്രിക്കക്കെതിരായ

റാഞ്ചി ഏകദിനത്തിൽ നേടിയ സെഞ്ചുറി മികവാണ് കോഹ്ലിയുടെ റാങ്കിംഗ് ഉയർത്തിയത്.